# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6187 08.07.2014 -ലെ മറുപടിയ്ക്ക്**

## നൂറുദിന ഫയൽ തീർപ്പാക്കൽ പദ്ധതി

ചോദ്യം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ.

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി
(ബഹു: മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി സർക്കാർ നൂറുദിന ഫയൽ തീർപ്പാക്കൽ പദ്ധതി എന്ന പേരിലോ മറ്റേതെങ്കിലും പേരിലോ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; | (എ) | മൂന്നു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ 100 ദിവസങ്ങൾക്കുള്ളിൽ തീർപ്പാക്കുന്നതിനായി 'പ്രത്യേക ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി' ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്നുമുതലാണ് പ്രസ്തുത നടപടികൾ തുടങ്ങിയതെന്ന് അറിയിക്കുമോ ; | (ബി) | 2014 മെയ് 1 മുതൽ |
| (സി) | നാളിതുവരെ എത്ര ഫയലുകൾ തീർപ്പാക്കിയെന്നറിയിക്കുമോ ; | (സി) | മൂന്നു വർഷത്തിൽ കൂടുതൽ പഴക്കമുള്ള 50,163 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ 6,016 ഫയലുകളും വിവിധ സർക്കാർ വകുപ്പുകളിൽ 26,939 ഫയലുകളും കളക്ടറേറ്റുകളിൽ 17,208 ഫയലുകളുമാണ് തീർപ്പാക്കിയിട്ടുള്ളത്. |
| (ഡി) | ഇനി എത്ര ഫയലുകൾ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ? | | 2,20,187 ഫയലുകൾ തീർപ്പാക്കാനുണ്ട്. സെക്രട്ടേറിയറ്റിൽ 15,700 ഫയലുകളും വിവിധ സർക്കാർ വകുപ്പുകളിൽ 1,32,888 ഫയലുകളും കളക്ടറേറ്റുകളിൽ 71,599 ഫയലുകളുമാണ് ഇനി തീർപ്പാക്കാനുള്ളത്. |

**സെക്ഷൻ ഓഫീസർ**